ഉത്തരം

(എ) സ്റ്റേഷനറി ഗ്രാന്റ്

എൽ.പി. വിദ്യാർത്ഥിക്ക് പ്രതിവർഷം	..	100 രൂപ
യു.പി. വിദ്യാർത്ഥിക്ക് പ്രതിവർഷം	..	125 രൂപ
ഹൈസ്ക്കൂൾ വിദ്യാർത്ഥിക്ക് പ്രതിവർഷം	..	200 രൂപ

യൂണിഫോം ഗ്രാന്റ്

എൽ.പി. വിദ്യാർത്ഥിക്ക് പ്രതിവർഷം	..	350 രൂപ
യു.പി. വിദ്യാർത്ഥിക്ക് പ്രതിവർഷം	..	500 രൂപ
ഹൈസ്ക്കൂൾ വിദ്യാർത്ഥിക്ക് പ്രതിവർഷം	..	600 രൂപ

(ബി) 2000-ത്തിലാണ് അവസാനമായി പരിഷ്ക്കരിച്ചത്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

വ്യാജ സർട്ടിഫിക്കറ്റ് നൽകി സർവ്വീസിൽ കയറിയ ഉദ്യോഗസ്ഥൻമാർ

134 [3188] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. മുരളി:
" ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്തവർ വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകി സർവ്വീസിൽ കയറിയതായി എത്ര പരാതികൾ നിലവിലുണ്ട്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സും സ്ക്രൂട്ടണി കമ്മിറ്റിയും അന്വേഷണം നടത്തിയതിൽ എത്ര പേർ ഇപ്രകാരം ജാതി തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്;

(സി) ഇവർ ഏത് ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസിൽ കയറിയതെന്നും യഥാർത്ഥത്തിൽ ഏത് ജാതിയിൽപ്പെടുന്ന വരാണെന്നും ഏത് തസ്തികയാണ് വഹിക്കുന്നതെന്നുമുള്ള വിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ഡി) ഇവർക്കെതിരെയുള്ള കേസുകളിൽ ആരുടെയെല്ലാം കേസുകൾ ഹൈക്കോടതി തള്ളി എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇവരെ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 773 പരാതികൾ

(ബി) 523 പേർ

(സി ആന്റ് ഡി) കേസന്വേഷണത്തിന്റെ പുരോഗതിയെ ബാധിക്കുമെന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഇ) സ്ക്രൂട്ടണി കമ്മിറ്റിയുടെ തീരുമാനപ്രകാരം സർവ്വീസിൽ നിന്ന് പിരിച്ചു വിടാൻ നിർദ്ദേശിച്ചിട്ടുള്ള കേസുകളിൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉള്ളതിനാൽ ഇവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നു.

കാസർഗോഡ് ജില്ലയിലെ മറാഠി വിഭാഗക്കാർക്ക് വീട് നിർമ്മിക്കാൻ സാമ്പത്തിക സഹായം

135 [3189] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 2001-2002, 2002-2003 വർഷങ്ങളിൽ പട്ടികവർഗ്ഗ ലിസ്റ്റിൽപ്പെട്ട മറാഠി വിഭാഗത്തിന് വീട് നിർമ്മിക്കാനായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ എത്ര പേർക്ക് എത്ര വീതം തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) അനുവദിച്ച തുക പൂർണ്ണമായി നൽകാത്തതുമൂലം വീട് പൂർത്തിയാക്കാൻ സാധിക്കാതെ മേൽ വിഭാഗത്തിലുള്ള പാവപ്പെട്ടവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ആളുകൾക്ക് ശേഷിച്ച തുക ഗഡുവായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2001-2002 വർഷത്തിൽ മറാഠി വിഭാഗത്തിന് ഭവന നിർമ്മാണ ഗ്രാന്റ് അനുവദിച്ചിരുന്നു.

(ബി) 384 പേർക്ക് 42,000 രൂപ നിരക്കിൽ ഭവന നിർമ്മാണ ഗ്രാന്റ് അനുവദിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly